പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1398 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>" ബി.സത്യൻ<br>" കെ.വി.വിജയദാസ്<br>" കെ.കെ.നാരായണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2015-16 വർഷത്തേക്ക് തീവ്രപങ്കാളിത്ത ആസൂത്രണ പദ്ധതി (Intensive participatory Planning Exercise) പ്രകാരം കേരളത്തിലെ ബ്ലോക്കുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ; | (എ) | കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങ ളുടെ അടിസ്ഥാനത്തിൽ, പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യ, കാർഷിക തൊഴി ലാളി കുടുംബങ്ങളുടെ എണ്ണം, സ്ത്രീസാക്ഷരതാ നിരക്ക് തുടങ്ങിയ ക്ലേശഘട കങ്ങൾ വിലയിരുത്തി സംസ്ഥാനത്തെ 22 ബ്ലോക്കുകളിലാണ് ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ (IPPE) തൊഴിലുറപ്പ് പദ്ധതിയുടെ 2015-16 വർഷത്തെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) | ഐ.പി.പി.ഇ. പ്രകാരം ജില്ലാടിസ്ഥാനത്തിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത് എന്ന് വിശദമാക്കാമോ ; | (ബി) | ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കാൻ തെരഞ്ഞെടുത്ത ബ്ലോക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ മറ്റ് ബ്ലോക്കുകളിൽ തൊഴിലുറപ്പ് നിയമമനുസരിച്ചുള്ള പദ്ധതി നടത്തിപ്പിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (സി) | ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ (IPPE) യുടെ പരിധിയിൽ വരാത്ത ബ്ലോക്കുകളിൽ, സംസ്ഥാന സർക്കാർ 2008 ഒക്ടോബർ മാസത്തിൽ പുറ പ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അയൽകൂട്ടതലം മുതൽ ജില്ലാ പഞ്ചായത്ത് തലം വരെ ചർച്ച ചെയ്ത് ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, തയ്യാറാക്കിയ 2015-16 വർഷത്തെ സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ഊർജ്ജിത പങ്കാളിത്ത ആസൂത്രണ പ്രക്രിയ നടപ്പിലാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളുടെ പേര്

| ജില്ല | ബ്ലോക്ക് |
|---|---|
| ഇടുക്കി | 1. ദേവികുളം |
| | 2. അഴുത |
| | 3. അടിമാലി |
| തൃശ്ശൂർ | 1. പഴയന്നൂർ |
| പാലക്കാട് | 1. കുഴൽമന്ദം |
| | 2. കൊല്ലങ്കോട് |
| | 3. ആലത്തൂർ |
| | 4. അട്ടപ്പാടി |
| | 5. നെന്മാറ |
| | 6. മണ്ണാർക്കാട് |
| | 7. ഒറ്റപ്പാലം |
| | 8. ചിറ്റൂർ |
| | 9. പാലക്കാട് |
| മലപ്പുറം | 1. വണ്ടൂർ |
| | 2. നിലമ്പൂർ |
| | 3. അരീക്കോട് |
| വയനാട് | 1. മാനന്തവാടി |
| | 2. കൽപ്പറ്റ |
| | 3. സുൽത്താൻ ബത്തേരി |
| | 4. പനമരം |
| കാസറഗോഡ് | 1. പരപ്പ |
| | 2. കാഞ്ഞങ്ങാട് |